**GAZETTE DATE : 15.10.2025**
**LAST DATE : 19.11.2025**

# CATEGORY NO: 406/2025

## THIRD N.C.A. NOTIFICATION

Applications are invited online only from qualified candidates of Ex-servicemen belonging to **Scheduled Caste** community of Kerala state for selection to the undermentioned post. Application must be submitted online through the Official website of the Kerala Public Service Commission after 'One Time Registration'. Candidates who have already registered can apply through their profile. Applications submitted in any other manner will be summarily rejected.

1. **Department** : **NCC/Sainik Welfare**

2. **Name of post** : **Driver Gr.II (HDV) (Ex-servicemen only)**

3. **Scale of pay** : **₹ 25,100 - 57,900/-**

4. **Number of vacancies** : **District wise**

| Community | District | Vacancies | Stage |
|---|---|---|---|
| Scheduled Caste | Kottayam | I (One) | 3rd NCA |

(i) This is the Third NCA notification for the post Driver Gr.II (HDV) (Ex-servicemen Only) in Kottayam district due to the non availability of SC candidates in response to 1st and 2nd NCA notifications issued vide Category No. 478/2022 in the Gazette dated 15/11/2022 & Category No. 420/2024 in the Gazette dated 30/10/2024 respectively.

(ii) The above vacancy is now in existence. The Ranked List prepared and published by the Commission for the above district shall remain in force until candidates are advised and appointed against the vacancies earmarked for the above mentioned community, but remain unfilled due to paucity of candidates during the currency of the Ranked List published for the post in the Kottayam District as mentioned below.

| Name of District | Date of finalisation of Ranked list | Category No. |
|---|---|---|
| Kottayam | 25.04.2022 | 327/2019 |

(iii) The selection in pursuance of this notification will be made on a revenue district basis, subject to the special conditions laid down in G.O.(MS) No.154/71/PD dated, 27/05/1971. A candidate advised for appointment in one revenue district from the Ranked List prepared is not eligible for transfer to another district unless he/she completes five years continuous service from the date of commencement of service in the former district. Even if transfer is allowed after five years, it will be subject to the rules in G.O.(P)No.36/91/P&ARD dated 02/12/1991. Candidates already in Government service holding this post in any one district are prohibited from applying again for this post, but they can apply to higher posts when notified.

(iv) Candidates should apply to Kottayam district only where the vacancy is existing and note the name of the district in the relevant column of the application.

(v) Applications submitted by candidates belonging to the community other than those notified will be summarily rejected. No rejection memo will be issued to those candidates.

5. **Method of appointment** : Direct Recruitment (From Ex-servicemen candidates belonging to Scheduled Caste reservation community only).

6. **Age Limit** : **21- 44**. Candidates born between 02.01.1981 and 01.01.2004 (both dates included) are eligible to apply for this post [including the relaxation as per para 2 (i) of General Conditions under Part II].

Note :- For concessions allowed in upper age limit, subject to the condition that the maximum age limit shall in no case exceed 50 years of age, please see para 2 of general condition under Part II of this notification (except para 2(i)).

7. **Qualifications :-**

(i) Literacy in Malayalam, Tamil or Kannada.

(ii) Must possess current Motor Driving License with endorsement for driving Heavy Duty Vehicles and Motor Cycle and three years experience in driving heavy duty vehicles either Military or Civil.

**Note:**

1) Driving Licence issued after 16.01.1979 must have endorsement both for Heavy Goods and Heavy Passenger Vehicles and applications with only one endorsement will be summarily rejected (Vide amendment No. 47/78 to the Motor Vehicles Act).

2) Proficiency in driving Heavy Duty Vehicles will have to be proved through a practical test including 'T' Test and Road Test conducted by P.S.C. Those who pass 'T' Test will alone be permitted for Road Test.

3) Rule 10 (a)(ii) of Part II of KS & SSR is applicable.

4) In addition to the qualifications prescribed in the notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post, in the Special Rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government Orders declaring equivalent/higher qualifications shall be produced as and when required by the Commission.

(iii) Medical Fitness :-

(a) Ear - Hearing should be perfect.

| | | | | Right eye | Left eye |
|---|---|---|---|---|---|
| (b) | Eye | - Distant vision | : | 6/6 Snellen | 6/6 Snellen |
| | | Near vision | : | 0.5 snellen | 0.5 snellen |
| | | Colour Vision | : | Normal | |
| | | Night blindness | : | Nil | |

(c) Muscles and joints - No paralysis and all joints must be capable of free movements.

(d) Nervous System - Perfectly normal and free from any infectious diseases.

(iv) Candidate should be Ex-Servicemen/Disembodied Territorial Army personnel (Discharge Certificate and Pension payment order should be produced as and when called for).

(v) Candidates who claim Experience qualification, should obtain Experience Certificate in the format given below. Candidates should upload original Experience Certificate in the prescribed format while submitting the application and produce the same as and when called for by the Commission.

**The Certificate to be produced in proof of experience shall be in the form given below:**

Name of the firm :
(Company /Corporation/Government Department/
Co-operative institution etc.)

Register Number :
(SSI Registration or any other
Registration Number and Date of Registration)

Authority issued Registration :

**CERTIFICATE OF EXPERIENCE**

Issued to (here enter Name and Address) ..................................................................
…...................................................................................... This is to certify that the above mentioned person has worked/has been working in this institution as Driver with experience in driving heavy duty vehicles as Regular Worker/Temporary Worker/ Apprentice/Casual Labourer etc. (Srtike off whichever is not applicable) on

₹................ per day/per mensem for a period of..........years .......months..........days from …../..../........to...../....../........ (from and to details are to be entered in DD/MM/YYYY format).

| | | |
|---|---|---|
| **Place :** | **Signature with Date** | |
| **Date :** | **Name** | |
| | **Designation of the issuing Authority with Name of Institution** | |

**(Office Seal)**

**CERTIFICATE**

Certified that Sri/Smt. .................................................. mentioned in the above experience Certificate has actually worked/is working in the above Institution as Driver (HDV) (Name of post) during the period mentioned therein as per the entry in the …................... Register (mention the name of register) maintained by the employer as per the provision of ................................. act (Name of the Act/Rules to be specified).

I am the authorized person to inspect the Register kept by the employer as per the provision of the Act/Rules of the ........................................................... State/Central Act.

| | | |
|---|---|---|
| **Place:** | **Signature with Date** | |
| **Date:** | **Name of Attesting Officer with Designation and Name of Office, who is the notified enforcement officer as per Act/Rules** | |

**(Office Seal)**

**NB:** The veracity of the experience certificate will be subjected to scrutiny and legal actions will be initiated against those who issue or produce bogus certificate.

Note:-

(1) Candidates applying for the post must be prepared to clean and oil the Motor Vehicles and the fact should be noted in the column related to qualification of the application form.

(2) Selected candidates must be able to drive Light Duty Vehicles also.

(3) From among the differently-abled candidates applying for this post, only those differently-abled candidates belonging to the categories viz ASD (M, MoD), ID (M), SLD, which are identified as eligible for reservation for Differently Abled to the above post vide GO(P) No.13/2024/SJD dated 17.10.2024 will be considered. Applications of candidates belonging to other differently-abled categories will be rejected.

(4) Candidates should furnish the full details regarding the Driving Licence and experience in driving in the relevant column (qualifications) of the application form.

(5) A practical test will be conducted for the selection to this post. In case the number of applications received for this post is unduly large, Written Test/OMR/Online Test will be conducted. Those who came out successful for the test will alone be called for the practical test.

(6) Candidates called for the practical test will have to produce Medical certificate in the prescribed form in original containing all relevant details as required in para 7 (iii) above [except (iii) (b)] from a Medical Officer not below the rank of an Assistant Surgeon. A Medical Certificate regarding eye sight as per Para 7 (iii) (b) from an Ophthalmologist in Government Service also will have to be produced. (Form of Medical certificate is appended below of this Notification).

(7) The date of entry in service, date of discharge from service and type of vehicles should be shown in the Experience Certificate. If still in service, the fact should also be mentioned.

(8) Candidates from the ranked list prepared in response to this notification will be advised for appointment as per turn against Headquarters vacancy also.

(9) Candidate should possess valid Driving License and badge throughout all the stages of selection process i.e., on the last date of receipt of application, OMR Test / Online Test, Practical Test and Interview.

**Probation:-** Every person appointed to the post shall, from the date on which he joins duty be on probation for a total period of 2 years on duty within a continuous period of three years.

## FORM OF MEDICAL CERTIFICATE REGARDING PHYSICAL FITNESS FOR THE POST OF DRIVER GRADE II (HDV)

(To be filled up by a Medical Officer not below the rank of an Assistant Surgeon)

1. What is the applicant's apparent age? :
2. Is the applicant to the best of your judgment, subject to epilepsy, vertigo or any mental ailment likely to affect his efficiency? :
3. Does the applicant suffer from any heart or lungs disorder which might interfere with the performance of his duties as a Driver? :
4. Does the applicant suffer from any degree of deafness, which would prevent him hearing the ordinary sound signals? Is his hearing perfect? :
5. Has the applicant any deformity or loss of finger, which would interfere with the efficient performance of his duties as a driver? :
6. State of Muscles and Joints (No paralysis and all joints with free movements) :
7. State of Nervous System (Perfectly normal and free from any infectious diseases) :
8. Does he show any evidence of being addicted to the extensive use of alcohol, tobacco or drinks? :
9. Marks of Identification :

He/she is physically fit for the post of Driver Grade II (HDV). I certify to the best of my knowledge and belief that the applicant Sri./Smt. …………………. …………………… is the person herein above described and that the attached photograph has a reasonably correct likeness.

(The signature of the Medical Officer shall be affixed on the photograph leaving the face clear)

Photo of the candidate

Signature
Name
Designation & Official Address

Place:
Date:

(Office seal)

## FORM OF MEDICAL CERTIFICATE REGARDING VISION FOR THE POST OF DRIVER GRADE II (HDV)

(To be filled up by an Ophthalmologist in Government Service)

1. Is there any defect of vision? :
   If so, has it been corrected by suitable spectacles so that the distant vision is 6/6 snellen and near vision is 0.5 snellen.
2. Can the applicant readily distinguish the pigmentary colours red and green? :
3. Does the applicant suffer from any night blindness? :

I have this day medically examined Sri./Smt. ……………………….............. and found that he/she has no defect of vision which would render him/her unsuitable for the post of Driver Grade II (HDV) and his/her standards of vision are as follows.

Standards of Vision
(Eye sight without glasses)

| | | Right Eye | Left Eye |
|---|---|---|---|
| 1. | Distant Vision | ………….snellen | ………….snellen |
| 2. | Near Vision | ………….snellen | ………….snellen |

3. Field of vision …..................
   (specify whether full or not. Entry 'Normal', 'Good' etc. will be inappropriate here)
4. Colour blindness :
5. Squint :
6. Any morbid conditions of the eyes or lids of either eye.
   His/her standards of vision are fit for the post of Driver Grade II (HDV):
7. Marks of Identification :

I certify to the best of my knowledge and belief that the applicant Sri./Smt. …......... …………… ………… ………….. ………….. …………….. is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Ophthalmologist shall be affixed on the photograph leaving the face clear.)

Photo of the candidate

Signature
Name
Designation & Official Address

Place:
Date:

(Office seal)

Note:- Details regarding standards of vision should be clearly stated in the certificate, as given above and vague statements such as vision Normal etc. will not be accepted. Specification for each eye should be stated separately. Special attention should be given to the distant vision. Required standards of vision are as follows :-

| | | Right Eye | Left Eye |
|---|---|---|---|
| (a) | Distant Vision | 6/6 snellen | 6/6 snellen |
| (b) | Near Vision | 0.5 snellen | 0.5 snellen |
| (c) | Each eye must have full field of vision | | |

**8. Mode of Submitting applications :-**

**(a)** Candidates must register as per ONE TIME REGISTRATION with the official Website of Kerala Public Service Commission viz **www.keralapsc.gov.in** before applying for the post. Candidates who have registered can apply by logging on to their profile using their User-ID and Password. Candidates must click on the **'Apply Now'** button of the respective posts in the **Notification Link** to apply for the post. Name of the candidate and the date of taking photograph should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of taking photograph. **Those candidates who are creating a new profile should upload a photograph taken within a period of six months.** There is no change in other instructions regarding the uploading of photographs.

No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application, candidates must ensure correctness of the information on their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. Candidates are advised to keep printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link **'My Applications'** in their profile. All correspondence with the Commission, regarding the application should be accompanied with the print out of the application. The application submitted not in accordance with the conditions stipulated in the notification will be summarily rejected in due course of processing. Original documents to prove qualification, age, community etc. have to be produced as and when called for.

**(b) Candidates who have AADHAAR card should add AADHAAR card as I.D. Proof in their profile.**

9. **Last date for receipt of applications** : **19.11.2025 Wednesday** up to 12:00 Midnight.

10. **Address to which applications are to be submitted** : www.keralapsc.gov.in

11. If a Written Test/OMR Test/Online Test is conducted as a part of this selection, candidates shall submit a confirmation for writing the examination through their One Time Registration profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it. Candidates who have downloaded the Admission Ticket will alone be permitted to attend the examination.

12. **Special Instructions to Candidates**

i. In the case of difference in Caste/Community claimed in the application and that entered in SSLC book,the candidate shall produce a gazette notification in this regard, along with Non-creamy layer certificate /Community Certificate at the time of certificate verification.

ii. Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

iii. Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure 1976 shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in the written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above .

(For details including ID card, photo etc., please see the General Conditions given below as Part II of this Notification).

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 406/2025

### മൂന്നാം എൻ.സി.എ. വിജ്ഞാപനം

താഴെ പറയുന്ന തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന്, കേരള സംസ്ഥാനത്തിലെ **പട്ടികജാതി** വിഭാഗത്തിൽ ഉൾപ്പെട്ട വിമുക്തഭടന്മാരായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റ് വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' ചെയ്ത ശേഷമാണ് സമർപ്പിക്കേണ്ടത്. ഇതിനോടകം രജിസ്ട്രേഷൻ നടത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ പ്രൊഫൈൽ വഴി അപേക്ഷിക്കാവുന്നതാണ്. മറ്റ് വിധത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

1. **വകുപ്പ്** : **എൻ.സി.സി./സൈനികക്ഷേമ വകുപ്പ്**
2. **ഉദ്യോഗപ്പേര്** : **ഡ്രൈവർ ഗ്രേഡ് II (HDV) (വിമുക്തഭടന്മാർ മാത്രം)**
3. **ശമ്പളം** : **₹ 25,100 – 57,900/-**
4. **ഒഴിവുകളുടെ എണ്ണം** : **ജില്ലാടിസ്ഥാനത്തിൽ**

| സമുദായം | ജില്ല | ഒഴിവുകൾ | ഘട്ടം |
|---|---|---|---|
| പട്ടിക ജാതി | കോട്ടയം | 01 (ഒന്ന്) | മൂന്നാം എൻ.സി.എ. |

കുറിപ്പ് :-

(i) ഈ തസ്തികയ്ക്കായി 15/11/2022-ലെ ഗസറ്റിൽ കാറ്റഗറി നം. 478/2022 ആയും, 30/10/2024-ലെ ഗസറ്റിൽ കാറ്റഗറി നം. 420/2024 ആയും വിജ്ഞാപനം ചെയ്തിട്ടും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതുകൊണ്ടുള്ള കോട്ടയം ജില്ലയിലെ ഡ്രൈവർ ഗ്രേഡ് II (HDV) (വിമുക്തഭടന്മാർ മാത്രം) തസ്തികയുടെ മൂന്നാം എൻ.സി.എ. വിജ്ഞാപനമാണിത്.

(ii) മേൽപ്പറഞ്ഞിരിക്കുന്ന ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം മുകളിൽ സൂചിപ്പിച്ചിട്ടുള്ള ജില്ലയിലേയ്ക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന എൻ.സി.എ റാങ്ക് ലിസ്റ്റ്, ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനായി നീക്കി വച്ചിട്ടുള്ളതും ടി സമുദായത്തിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ നികത്തപ്പെടാത്തതുമായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| കോട്ടയം | 25.04.2022 | 327/2019 |

(iii) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71-ലെ സർക്കാർ ഉത്തരവ് (എം.എസ്) 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.12.1991-ലെ ജി.ഒ.(പി)നം.36/91/പി.ആന്റ് എ.ആർ.ഡി. യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iv) ഈ വിജ്ഞാപന പ്രകാരം ഉദ്യോഗാർത്ഥികൾ കോട്ടയം ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് ഓൺലൈൻ അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(v) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. ഇത് സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് വ്യക്തിഗത നിരസന അറിയിപ്പ് നൽകുന്നതല്ല.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (വിമുക്തഭടന്മാരായ പട്ടികജാതി സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായപരിധി** : **21-44.** ഉദ്യോഗാർത്ഥികൾ 02.01.1981-നും 01.01.2004-നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) [Part 2 പൊതു വ്യവസ്ഥകൾ ഖണ്ഡിക 2 (i)ലെ ഇളവുകളടക്കം]

**കുറിപ്പ്:-** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II-ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക (ഖണ്ഡിക 2(i) ഒഴികെ).

**7. യോഗ്യതകൾ :**

(i) മലയാളമോ തമിഴോ കന്നടയോ എഴുതുവാനും വായിക്കുവാനുമുള്ള കഴിവ്.

(ii) ഹെവി ഡ്യൂട്ടി വാഹനങ്ങളും മോട്ടോർ സൈക്കിളും ഓടിക്കുന്നതിന് അനുവദിച്ച കൊണ്ടുള്ള നിലവിലെ മോട്ടോർ ഡ്രൈവിംഗ് ലൈസൻസും ഹെവി ഡ്യൂട്ടി വാഹനങ്ങൾ (മിലിട്ടറിയോ, സിവിലോ) ഓടിച്ചുള്ള മൂന്ന് വർഷത്തെ പരിചയവും ഉണ്ടായിരിക്കണം.

**കുറിപ്പ്:-**

1) 16.01.1979 നു ശേഷം ഡ്രൈവിംഗ് ലൈസൻസ് നേടിയ ഉദ്യോഗാർത്ഥികളുടെ ലൈസൻസിൽ ഹെവി ഗുഡ്സ്, ഹെവി പാസഞ്ചർ എന്നീ രണ്ട് തരം വാഹനങ്ങൾ ഓടിക്കുന്നതിനുള്ള എൻഡോഴ്സ്മെന്റ് ഉണ്ടായിരിക്കണം. ഇവയിൽ ഒന്നു മാത്രമുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. (മോട്ടോർ വെഹിക്കിൾ ആക്ടിന്റെ 47/78 ഭേദഗതി കാണുക).

2) ഹെവി ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്നതിനുള്ള പ്രാഗൽഭ്യം പി.എസ്.സി. നടത്തുന്ന ഒരു പ്രായോഗിക പരീക്ഷയിൽ (T Test ഉം Road Test ഉം അടക്കം) തെളിയിക്കേണ്ടതാണ്. T Test വിജയിക്കുന്നവരെ മാത്രമേ റോഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളൂ.

3) KS & SSR Rule 10 (a) ii ബാധകമാണ്.

4) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

(iii) ശാരീരിക യോഗ്യതകൾ :

| | | | | |
|---|---|---|---|---|
| (എ) | ചെവി | : | പൂർണ്ണമായ ശ്രവണശേഷി ഉണ്ടായിരിക്കണം. | |
| (ബി) | കണ്ണ് | : | <u>വലത്</u> | <u>ഇടത്</u> |
| | ദൂരകാഴ്ച | : | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| | സമീപ കാഴ്ച | : | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| | കളർ വിഷൻ | : | സാധാരണമായിരിക്കണം. | |
| | മാലക്കണ്ണ് | : | ഇല്ലാതിരിക്കണം. | |
| (സി) | പേശികളും സന്ധികളും | : | തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസ രഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം. | |
| (ഡി) | ഞരമ്പുഘടന | : | പൂർണ്ണമായും സാധാരണ രീതിയിലുള്ളതായിരിക്കണം. പകർച്ചവ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്. | |

(iv) ഉദ്യോഗാർത്ഥികൾ വിമുക്തഭടന്മാരോ ടെറിട്ടോറിയൽ ആർമിയിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവരോ ആയിരിക്കണം (അപേക്ഷകൻ ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്, പെൻഷൻ പേയ്മെന്റ് ഓർഡർ എന്നിവ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്).

(v) പരിചയ യോഗ്യത അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികൾ താഴെ പറയുന്ന മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്താൽ മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ സാധ്യമാകുകയുള്ളൂ. എന്നാൽ ഉദ്യോഗാർത്ഥികൾ അസൽ പരിചയ സർട്ടിഫിക്കറ്റ് കമ്മീഷൻ

ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.**

സ്ഥാപനത്തിന്റെ പേര് (കമ്പനി /കോർപ്പറേഷൻ/ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ്/സഹകരണ സ്ഥാപനങ്ങൾ മുതലായവ) :
രജിസ്റ്റർ നമ്പർ (ചെറുകിട വ്യവസായ രജിസ്ട്രേഷൻ നമ്പർ അല്ലെങ്കിൽ മറ്റേതെങ്കിലും രജിസ്ട്രേഷൻ നമ്പർ, രജിസ്റ്റർ ചെയ്ത തീയതി) :
രജിസ്ട്രേഷൻ നൽകിയ അധികാരി :

**പരിചയ സർട്ടിഫിക്കറ്റ്**

ശ്രീ/ശ്രീമതി.........................................(ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും) മുകളിൽ പറഞ്ഞിരിക്കുന്ന ആൾ ഈ സ്ഥാപനത്തിൽ ഹെവി ഡ്യൂട്ടി വാഹനം ഓടിക്കുന്ന ഡ്രൈവർ ആയി സ്ഥിരമായി/ താൽകാലികമായി/ അപ്രന്റിസ്/ ട്രയിനി/ കാഷ്വൽ ലേബർ (ബാധകമല്ലാത്തത് വെട്ടിക്കളയുക) ആയി ............................രൂപാ മാസശമ്പളത്തിൽ/ദിവസശമ്പളത്തിൽ........../.........../............മുതൽ ........./......../............ വരെ (DD/MM/YYYY എന്ന മാതൃകയിൽ രേഖപ്പെടുത്തണം) ...................... വർഷം .................... മാസം ...................... ദിവസം ജോലി നോക്കിയിട്ടുണ്ട് / ജോലി നോക്കിവരികയാണ് എന്ന് ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

| | | |
|---|---|---|
| | സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ തീയതി സഹിതമുള്ള ഒപ്പ് | |
| സ്ഥലം : | പേര് | |
| തീയതി : | ഔദ്യോഗിക പദവി, സ്ഥാപനത്തിന്റെ പേര് | |

(ആഫീസ് മുദ്ര)

**സാക്ഷ്യപത്രം**

..................എന്ന നിയമത്തിൽ/ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സ്ഥാപനയുടമസ്ഥൻ / തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാധ്യതപ്പെട്ട..................രജിസ്റ്റർ (ബന്ധപ്പെട്ട രജിസ്റ്ററിന്റെ പേര്) പരിശോധിച്ച് മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ജീവനക്കാരൻ/ജീവനക്കാരി ഇതിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ................................ആയി ജോലി ചെയ്തിരുന്നു/ചെയ്തുവരുന്നുവെന്നു ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഞാൻ സംസ്ഥാന/ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ................................എന്ന ചട്ടപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവനവ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപനയുടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

| | | |
|---|---|---|
| സ്ഥലം : | തീയതി സഹിതമുള്ള ഒപ്പ്, | |
| തീയതി : | ചട്ടപ്രകാരം/നിയമപ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക പദവി, സ്ഥാപനത്തിന്റെ പേര് | |

(ആഫീസ് മുദ്ര)

**കുറിപ്പ് :**

പരിചയ സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടേയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**കുറിപ്പ്:–**

(1) ഈ ഉദ്യോഗത്തിന് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ മോട്ടോർ വാഹനങ്ങൾ ക്ലീൻ ചെയ്യുന്നതിനും ഓയിൽ ഇടുന്നതിനും സന്നദ്ധരായിരിക്കണം. ഇക്കാര്യം അപേക്ഷയിൽ യോഗ്യതയുടെ കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(2) തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ കൂടി ഓടിക്കുന്നതിന് കഴിവുള്ളവരായിരിക്കണം.

(3) ടി തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിയ്ക്കുന്ന ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളിൽ ഈ തസ്തികയ്ക്ക് ഭിന്നശേഷി സംവരണത്തിന് 17.10.2024 തീയതിയിലെ GO(P)No.13/2024/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുയോജ്യമായി കണ്ടെത്തിയിട്ടുള്ള ASD (M, MoD), ID (M), SLD എന്നീ ഭിന്നശേഷി വിഭാഗങ്ങളിൽപ്പെട്ടവരെ മാത്രമേ പരിഗണിക്കുകയുള്ളൂ. മറ്റു ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരസിക്കുന്നതാണ്.

(4) ഉദ്യോഗാർത്ഥികൾ അപേക്ഷയുടെ കോളത്തിൽ (യോഗ്യതകൾ) ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗിലുള്ള പരിചയം തുടങ്ങിയവ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

(5) ഈ തസ്തികയിലേക്കുള്ള അപേക്ഷകരുടെ എണ്ണം വളരെ കൂടുതലാണെങ്കിൽ പ്രായോഗിക പരീക്ഷയ്ക്ക് മുന്നോടിയായി ഒരു എഴുത്ത് പരീക്ഷ /ഒ.എം.ആർ./ഓൺലൈൻ പരീക്ഷ കൂടി നടത്തുന്നതാണ്.

(6) പ്രായോഗിക പരീക്ഷയ്ക്ക് ക്ഷണിക്കുമ്പോൾ മുകളിൽ 7(iii)– ഖണ്ഡികയിൽ ആവശ്യപ്പെടുന്ന മെഡിക്കൽ ഫിറ്റ്നസ് സംബന്ധമായ എല്ലാ വിവരങ്ങളും [iii(ബി) ഒഴികെ] അടങ്ങുന്ന നിശ്ചിത മാതൃകയിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് (അസ്സൽ) അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. കൂടാതെ കാഴ്ചശക്തി സംബന്ധിച്ച് ഖണ്ഡിക 7(iii) (ബി) ൽ പറയുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെന്റ് സർവ്വീസിലുള്ള ഒഫ്താൽമോളജിസ്റ്റിൽ നിന്ന് വാങ്ങി ഹാജരാക്കേണ്ടതാണ്. (മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ഈ വിജ്ഞാപനത്തോടൊപ്പം ചുവടെ ചേർത്തിട്ടുണ്ട്).

(7) സർവീസിൽ പ്രവേശിച്ച തീയതി, സർവീസിൽ നിന്നും വിടുതൽ ചെയ്ത തീയതി, വാഹനത്തിന്റെ ഇനം മുതലായവ ഡ്രൈവിംഗിലുള്ള പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റിൽ കാണിച്ചിരിക്കേണ്ടതാണ്. ഇപ്പോൾ സർവീസിൽ ആണെങ്കിൽ ആ വിവരവും രേഖപ്പെടുത്തേണ്ടതാണ്.

(8) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ ഊഴം അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ ചെയ്യുന്നതാണ്.

(9) തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ഉദ്യോഗാർത്ഥികൾക്ക് സാധുവായ ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉണ്ടായിരിക്കണം. അതായത് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിലും, OMR പരീക്ഷ, പ്രായോഗിക പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തുന്ന തീയതികളിലും.

**പ്രൊബേഷൻ :–** ഈ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്നുവർഷക്കാലയളവിനുള്ളിൽ ഡ്യൂട്ടിയിലുള്ള രണ്ടു വർഷക്കാലം പ്രൊബേഷനിലായിരിക്കുന്നതാണ്.

## FORM OF MEDICAL CERTIFICATE REGARDING PHYSICAL FITNESS FOR THE POST OF DRIVER GRADE II (HDV)

(To be filled up by a Medical Officer not below the rank of an Assistant Surgeon)

1. What is the applicant's apparent age? :
2. Is the applicant to the best of your judgment, subject to epilepsy, vertigo or any mental ailment likely to affect his efficiency? :
3. Does the applicant suffer from any heart or lungs disorder which might interfere with the performance of his duties as a Driver? :
4. Does the applicant suffer from any degree of deafness, which would prevent him hearing the ordinary sound signals? Is his hearing perfect? :

5. Has the applicant any deformity or loss of finger, which would interfere with the efficient performance of his duties as a driver? :

6. State of Muscles and Joints (No paralysis and all joints with free movements) :

7. State of Nervous System (Perfectly normal and free from any infectious diseases) :

8. Does he show any evidence of being addicted to the extensive use of alcohol, tobacco or drinks? :

9. Marks of Identification :

He/She is physically fit for the post of Driver Gr II (HDV). I certify to the best of my knowledge and belief that the applicant Sri./Smt. …………………………………… is the person herein above described and that the attached photograph has a reasonably correct likeness.

(The signature of the Medical Officer shall be affixed on the photograph leaving the face clear)

Photo of the candidate

Signature

Place: Name

Date: Designation & Official Address

(Office seal)

**FORM OF MEDICAL CERTIFICATE REGARDING VISION FOR THE POST OF DRIVER GRADE II (HDV)**

1. Is there any defect of vision?
   If so, has it been corrected by suitable spectacles so that the distant vision is 6/6 snellen and near vision is 0.5 snellen. :
2. Can the applicant readily distinguish the pigmentary colours red and green? :
3. Does the applicant suffer from any night blindness? :

I have this day medically examined Sri./Smt……………………… and found that he/she has no defect of vision which would render him/her unsuitable for the post of Driver Grade II (HDV) and his/her standards of vision are as follows.

Standards of Vision

(Eye sight without glasses)

Right Eye Left Eye

| | | | |
|---|---|---|---|
| 1. | Distant Vision | ………….snellen | ………….snellen |
| 2. | Near Vision | ………….snellen | ………….snellen |

3. Field of vision …....................
(specify whether full or not. Entry ‘Normal’, ‘Good’ etc. will be inappropriate here)

4. Colour blindness :

5. Squint :

6. Any morbid conditions of the eyes or lids of either eye.
His/her standards of vision are fit for the post of Driver Grade II (HDV) :

7. Marks of Identification :

I certify to the best of my knowledge and belief that the applicant Sri/Smt. ….. …......... is the person herein above described and that the attached photograph has a reasonably correct likeness (The signature of the Ophthalmologist shall be affixed on the photograph leaving the face clear.)

| Photo of the candidate |

Signature
Name
Designation & Official Address

Place:
Date :

(Office Seal)

Note :- Details regarding standards of vision should be clearly stated in the certificate, as given above and vague statements such as vision Normal etc. will not be accepted. Specification for each eye should be stated separately. Special attention should be given to the distant vision. Required standard of vision are as follows :-

| | | Right Eye | Left Eye |
|---|---|---|---|
| (a) | Distant vision | 6/6 snellen | 6/6 snellen |
| (b) | Near vision | 0.5 snellen | 0.5 snellen |

(c) Each eye must have full field of vision.

**8. അപേക്ഷ സമർപ്പിക്കേണ്ട രീതി:**

**(എ)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. **ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക്, ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. പുതിയതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ ആറ് മാസത്തിനകം എടുത്ത ഫോട്ടോയാണ് upload ചെയ്യേണ്ടത്.** ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത

വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**(ബി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.**

9. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 19.11.2025 ബുധനാഴ്ച** അർദ്ധരാത്രി 12 മണി വരെ.

10. **അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം** : www.keralapsc.gov.in

11. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് പരീക്ഷ/ഒ.എം.ആർ./ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവു സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.

12. **<u>ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ</u>**

i ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

ii ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

iii വിദ്യാഭ്യാസം, പരിചയം തുടങ്ങിയ യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച്അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ 1976, റൂൾ 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ /നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നിർബന്ധമായി വായിച്ചു നോക്കുക).

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ